"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കേസ് നമ്പർ VC 05/2024/MPM - നിലവിൽ സസ്പെൻഷനിൽ തുടരുന്ന നഗരസഭ സെക്രട്ടറി ശ്രീ.സുഗതകമാർ എം - സേവനത്തിൽ പുനപ്രവേശിപ്പിച്ച് ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലിന്റെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.15/2026/LSGD തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യറോ ഡയറക്ടറുടെ 17.05.2024 തീയതിയിലെ C5 (VC5/2O24/MPM) 18886/2024/DVACB നമ്പർ കത്ത്.
2. 19.08.2024 തീയതിയിലെ സ.ഉ(സാധാ) നം. 1550/2024/LSGD.
3. 25.03.2025 തീയതിയിലെ ഇയു4/145/2024-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
4. സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ 12.11.2025 തീയതിയിലെ തീരുമാനം
5. OA[EKM] 1445/2025 ഹർജിയിൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.12.2025 തീയതിയിലെ ഉത്തരവ്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.12.2025 തീയതിയിലെ LSGD/PD/29278/2024-VIGD3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടക്കൽ നഗരസഭ പരിധിയിലെ കോട്ടക്കുളം എന്ന സ്ഥലത്ത് ഭൂമി തരം മാറ്റി റോഡ് നിർമിച്ചതിലെ ക്രമക്കേടിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കേസ് നം- VC 05/2024/MPM-ലെ ഒന്നാം കുറ്റാരോപിതനായ മുൻ കോട്ടക്കൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.സുഗധകമാർ. എം-നെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോയുടെ അഭിപ്രായം ആരായേണ്ടതാണെന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്യുകയും എറ്റുമാനൂർ നഗരസഭ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ടിയാനെ പരാമർശം (2) പ്രകാരം ഉടൻ പ്രാബല്യത്തിൽ സേവനത്തിൽനിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (3) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തിരുന്നു.

2. സസ്പെൻഷൻ കാലയളവ് 6 മാസം പിന്നിട്ട അവസരത്തിൽ സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പ്രവേശിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ടിയാൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA[EKM] 1445/2025 ഹർജിയിൽ 16.12.2025 തീയതിയിൽ ചുവടെ ചേർത്ത പ്രകാരം ഉത്തരവായിരുന്നു.

*" In view of the stand expressed in paragraph 11 of the additional reply statement, no purpose will be served by keeping the applicant under suspension and interest of justice*

*demands his reinstatement. Accordingly, the first respondent is directed to reinstate the applicant into service within a period of 10 days from the date of receipt of a copy of this order, complying with the due procedure."*

3. കൂടാതെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കേസ് നം- VC 05/2024/MPM-ലെ ഒന്നാം കുറ്റാരോപിതനായ ശ്രീ.സുഗധകമാർ. എം-നെ സേവനത്തിൽ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച സസ്പെൻഷൻ റിവ്യൂ കമ്മിറ്റി, 12.11.2025 തീയതിയിലെ യോഗത്തിൽ ടിയാനെ സേവനത്തിൽ പ്രവേശിപ്പിക്കാനും മലപ്പുറം ജില്ലയ്ക്ക് പുറത്ത് നിയമിക്കാനും ശിപാർശ ചെയ്തിരുന്നു. ശ്രീ.സുഗധകമാർ. എം-ന് നിയമനം നൽകുന്നതിലേക്ക് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് -III തസ്തികയിലെ ഒഴിവ് സംബന്ധിച്ച വിവരം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുകയും ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം പരാമർശം (4) പ്രകാരമുള്ള സസ്പെൻഷൻ റിവ്യൂ കമ്മിറ്റി തീരുമാനത്തിന്റെയും പരാമർശം (5) പ്രകാരമുള്ള ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കേസ് നം- VC 05/2024/MPM-ൽ നിലവിൽ സസ്പെൻഷനിൽ തുടരുന്ന ശ്രീ.സുഗധകമാർ എം-ന്റെ സസ്പെൻഷൻ പിൻവലിച്ച്, അച്ചടക്കനടപടി തുടരുന്നതാണെന്ന വ്യവസ്ഥയിൽ, നിലവിലുള്ള ഒഴിവിൽ കൊടുവള്ളി നഗരസഭ സെക്രട്ടറിയായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ.സുഗധകമാർ എം, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് -III (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അഡ്വക്കറ്റ് ജനറൽ ,കേരളം , കൊച്ചി(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യറോ, തിരുവനന്തപുരം
വിജിലൻസ്(എഫ്) വകുപ്പ്(18.07.2024 തീയതിയിലെ Vig-F1/382/2023/Vig നമ്പർ കത്ത് പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/145/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 01-01-2026 17:16:29
സെക്ഷൻ ഓഫീസർ